## 526

1 ഞാനെന്റെ നാഥനാമേശുവോടുകൂടെ ആനന്ദമായെന്നും വാണിടുമേ
ഇഹലോകദുരിതങ്ങളഖിലം മറന്നിടും
സകലസന്തോഷവും കൈവന്നിടും

2 എനിക്കായി കുരിശിൽ വച്ചുറക്കെ കരഞ്ഞൊരു
തിരുമുഖം ഞാനന്നു കിടുമേ
ഇരുമ്പാണികളാലേറ്റ മുറിവോടു കൂടിയ
തിരുകൈകാൽകൾ മോദാൽ മുത്തിടുമേ-

3 യൂദന്മാർ നിന്ദിച്ചു ക്രൂശിച്ച നാഥനെ ദൂതന്മാർ വന്ദിച്ചു നിന്നിടുമ്പോൾ
അഗതികളാമവന്നനുഗാമികൾ തന്റെ
അരികിൽ നിന്നതിമോദം പൂിടുമേ-

4 ഉടലിതു വെടിഞ്ഞെന്നാലുടനെ ക്രിസ്തേശുവി-
ന്നടുത്തണഞ്ഞിടുമതു നിർണ്ണയമേ
അതിന്നായിട്ടതിയായി കൊതിയോടിക്ഷിതി തന്നിൽ
സ്ഥിതിചെയ്യും മൃതിയോളമതിമോദമേ- **T.K.S.**